

# KERALA PRIVATE
# COLLEGE TEACHER

151.FEB1999

THE ALL KERALA
PRIVATE COLLEGE
TEACHERS'ASSOCIATION

# പടിയാർ ഹോമിയോ കോളേജിൽ സർക്കാർ നേരിട്ടു ശമ്പളം നൽകും

ചോറ്റാനിക്കര ഡോ. പടിയാർ മെമ്മോറിയൽ ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജിൽ ഡയറക്ട് പേയ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ ധാരണയായി. 1986-ലും പിന്നീട് 1995-ലും ഈ കോളേജിൽ ഡയറക്ട് പേയ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ സർക്കാർ ഉത്തരവിറക്കിയിരുന്നെങ്കിലും ചില സാങ്കേതിക പ്രശ്നങ്ങളിൽ സർക്കാരും മാനേജുമെന്റുമായുണ്ടായിരുന്ന തർക്കത്തിന്റെ അടിസ്ഥാനത്തിൽ ഇതു നടപ്പിലാക്കാതിരിക്കുകയാണ് ചെയ്തത്.

കഴിഞ്ഞ കുറെമാസങ്ങളായി AKPCTA സംസ്ഥാന നേതൃത്വം നടത്തിയ ശ്രമങ്ങളുടെ ഫലമായി ഡിസംബർ 30-ാം തീയതി ബഹു: ആരോഗ്യവകുപ്പുമന്ത്രി ശ്രീ. എ.സി.ഷൺമുഖദാസ് വിളിച്ചുചേർത്ത മാനേജുമെന്റിന്റെയും AKPCTA സംസ്ഥാന നേതാക്കളുടേയും യോഗത്തിൽ ചർച്ച ചെയ്ത് ഡയറക്ട് പേയ്മെന്റ് നടപ്പിലാക്കാൻ തീരുമാനിക്കുകയാണുണ്ടായത്. പ്രസ്തുത തീരുമാനത്തിന്റെ പ്രയോജനം അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ലഭിക്കും. കോളേജിന്റെ പ്രവർത്തനപുരോഗതിക്ക് ഇത സഹായകരമാകുമെന്ന് AKPCTA സംസ്ഥാന നേതാക്കളായ ശ്രീ ജോയ്ജോബ് കുളവേലിയും ശ്രീ. കെ.പി. ദിവാകരൻ നായരും പറഞ്ഞു.

ഗവണ്മെന്റിനെ പ്രതിനിധീകരിച്ച് ആരോഗ്യവകുപ്പുമന്ത്രിയും ആരോഗ്യവകുപ്പു സെക്രട്ടറിയും മറ്റുദ്യോഗസ്ഥന്മാരും, AKPCTAയെ പ്രതിനിധീകരിച്ച് സംസ്ഥാന പ്രസിഡന്റ് ശ്രീ ജോയ് ജോബ് കുളവേലിൽ, ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ദിവാകരൻ നായർ മാനേജുമെന്റിനെ പ്രതിനിധീകരിച്ച് അഡ്വ. രാമപ്രഭു, ശ്രീ. എൻ.എൽ. കമ്മത്ത്, ശ്രീ. പ്രഭാകരപ്രഭു, ശ്രീ പുരുഷോത്തമമല്ലയ്യ, ശ്രീ. വിനോദ കമ്മത്ത് എന്നിവരും പങ്കെടുത്തു.

## ഡി.സി. കിഴക്കേമുറിക്ക് ആദരാഞ്ജലികൾ

സ്വന്തവും സ്വതന്ത്രവുമായ വ്യക്തിത്വം കൊണ്ട് പുസ്തകപ്രസാധനരംഗത്തെ കുലപതിയായി മാറി ഡി.സി. കിഴക്കേമുറി. ലാഭേച്ഛ കൂടാതെ മൂല്യമുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും ഡി.സി. ശ്രദ്ധിച്ചിരുന്നു. രോഗശയ്യയിൽ ആയിരുന്ന സന്ദർഭത്തിൽപോലും അദ്ദേഹം എകെപിസിടിഎ മുഖപത്രത്തിന് ഒരു അഭിമുഖം നല്കിയത് ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. സംഘടന ആ അമൂല്യവ്യക്തിത്വത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

KERALA PRIVATE
COLLEGE TEACHER
MONTHLY JOURNAL OF THE AKPCTA

**EDITORIAL BOARD**

A. PRATHAPACHANDRAN NAIR
(Chief Editor)
T.N. MANOHARAN
(Managing Editor)
JOY JOB KULAVELIL
K.P. DIVAKARAN NAIR
DR. P.J. PHILIP
M.P. LALITHA BAI
R. MOHANKUMAR
K.S. PAVITHRAN
DR. R.B. RAJALEKSHMY
K.C. KUTTAPPAN NAIR
SHAHUL HAMEED
MATHEW. J. MUTTATH
S. JAYARAJKUMAR
D. THOMAS
G.S. SURESH
M.S. VASANTHAKUMAR
DR. C.R. PRASAD
M.D. RATHEESHKUMAR
J. RAJU

**VOL. 151. FEBRUARY 1999**

COVER

*"One of the first faces of the earth" warns to be alert against forces that try to revert time*

DESIGN : M.S. VASANTHAKUMAR

# യുജിസി ശമ്പളപരിഷ്കാരം നടപ്പിലാക്കുക

**കോ**ളേജുകളിലെയും സർവകലാശാലകളിലെയും അധ്യാപകരുടെ വേതന പരിഷ്കരണത്തിനുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ഇറങ്ങി മാസങ്ങൾ കഴിഞ്ഞിട്ടാണ് യുജിസി സമഗ്രമായ ഉത്തരവ് 1998 ഡിസംബർ 24-ന് പുറപ്പെടുവിച്ചത്. ഇനിയും ചില കാര്യങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരത്തിനായി യുജിസി കാത്തിരിക്കുന്നുവെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നത് ഞങ്ങൾ വിസ്മരിക്കുന്നില്ല.

കേന്ദ്രസർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനായി പാണ്ഡ്യനെ നിയമിച്ചതിനു തൊട്ടു പിന്നാലെയാണ് 1994 ആഗസ്റ്റിൽ 5-ാം യുജിസി ശമ്പള പരിഷ്കാരത്തിനായി രസ്തോഗി കമ്മിറ്റി നിയമിതമായത്. 1997 മേയ് 28-ന് രസ്തോഗി റിപ്പോർട്ട് സമർപ്പിച്ചു. അധ്യാപക വിരുദ്ധമായ ഒട്ടേറെ അപാകതകൾ ആ റിപ്പോർട്ടിലുണ്ടായിരുന്നു. അവ പരിഹരിക്കുന്നതിനായി 35 ഇന അവകാശപത്രിക ഐഫക്ടോ കേന്ദ്രസർക്കാരിന് നൽകുകയുണ്ടായി. അപാകതകൾ പരിഹരിച്ചു കിട്ടുന്നതിനും ഉത്തരവ് പ്രസിദ്ധീകരിക്കുന്നതിനുമായി ഐഫക്ടോയുടെ നേതൃത്വത്തിൽ 1997 ആഗസ്റ്റ് 5, സെപ്റ്റംബർ 22 എന്നീ ദിവസങ്ങളിൽ അവകാശ ദിനാചരണം നടത്തുകയും 1997 ഡിസംബർ 9-ന് അഖിലേന്ത്യാ വ്യാപകമായി സൂചനാ പണിമുടക്ക് നടത്തുകയുമുണ്ടായി. കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനങ്ങളിൽ അദ്ധ്യാപക വിരുദ്ധമായവ ഒഴിവാക്കിക്കിട്ടുന്നതിനായി 1998 ജനുവരി 12, ജൂലൈ 21, ആഗസ്റ്റ് 4 തീയതികളിൽ ഡൽഹിയിലും സംസ്ഥാന തലസ്ഥാനങ്ങളിലും വമ്പിച്ച അദ്ധ്യാപക ധർണ നടന്നു. എന്നിട്ടും സർക്കാർ ഭാഗത്തുനിന്നും കാര്യമായ നീക്കമുണ്ടാകാത്തതിനാൽ ഇന്ത്യയിലാകമാനമുള്ള കോളേജ്-സർവകലാശാലാ അധ്യാപകർ 26 ദിവസം നീണ്ടുനിന്ന ഐതിഹാസികമായ പണിമുടക്ക് നടത്തി. 1998 സെപ്റ്റംബർ 5-ന് സർക്കാർ ഒത്തുതീർപ്പിന് തയ്യാറായി. ഈ പ്രക്ഷോഭ പരിപാടികൾക്ക് കേരളത്തിൽ നേതൃത്വംനല്കിയത് എകെപിസിടിഎ, എകെജിസിടി സംഘടനകൾ മാത്രമാണ്. നമുക്കില്ലാത്ത യുജിസിക്കു വേണ്ടി കേന്ദ്രത്തിനെതിരെ എകെപിസിടിഎ രാഷ്ട്രീയ സമരം നടത്തുന്നുവെന്ന് 1987-ൽ പ്രചരിപ്പിച്ച് അധ്യാപക വിരുദ്ധ നിലപാടുകൾ എടുത്ത ഇതര സംഘടനകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അഖിലേന്ത്യാ പ്രക്ഷോഭത്തിലും പിന്തിരിപ്പൻ സമീപനം തന്നെ തുടരുന്നു. കേരളത്തിലെ കോളേജധ്യാപകർക്ക് ലഭിക്കുന്നതും ലഭിക്കേ

⇒

ണ്ടതുമായ ശമ്പളപരിഷ്കാരം കേരളസർക്കാരിനു മാത്രമായി തീരുമാനിക്കാൻ കഴിയുന്നതും അതിനാൽ കേരളസർക്കാരിനെതിരായി മാത്രം സമരം നടത്തിയാൽ മതിയെന്നുമാണ് അവരുടെ പ്രസ്താവനകൾ കണ്ടാൽ തോന്നുക. കക്ഷിരാഷ്ട്രീയത്തിനതീതമായ, സ്വതന്ത്രമായ സംഘടനാശൈലിയാണത്രെ അത്! കേരളത്തിലെ കോളേജധ്യാപകർ വിഡ്ഢികളല്ലായെന്ന തിരിച്ചറിവ് ഇനിയെങ്കിലും അവർക്കുണ്ടാകട്ടെ!

ഡിസംബർ 24-ന്റെ യുജിസി ഉത്തരവ് സർവകലാശാലകൾക്കും സംസ്ഥാന സർക്കാരുകൾക്കും അയച്ചുകൊടുത്തിട്ടുണ്ട്. ചില കേന്ദ്ര സർവകലാശാലകളിൽ ഇതിനകം പരിഷ്കരണം നടപ്പിലാക്കികഴിഞ്ഞു. ഇനിയും സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാനങ്ങളൊന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. കേരളത്തിലും യുജിസി ശമ്പളപരിഷ്കരണ നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞുവെന്നത് ശുഭോദർക്കമാണ്. പക്ഷേ, മുൻകാലങ്ങളിലെപ്പോലെ ബ്യൂറോക്രസിയുടെ അനാവശ്യമായ തടസ്സപ്പെടുത്തലുകൾ ഇതോടൊപ്പം തന്നെ ആരംഭിച്ചുവെന്നത് നമ്മെ കൂടുതൽ ആശങ്കാകുലരാക്കുന്നു. 1990-ൽ 4-ാം യുജിസി ശമ്പളപരിഷ്കാരം പ്രഖ്യാപിച്ചപ്പോൾ ഉണ്ടായ അപാകതകൾ ഇപ്രാവശ്യം സംഭവിക്കാൻ പാടില്ല. സ്റ്റേറ്റ് സ്കെയിലിൽ നില്ക്കുന്നവർക്കുൾപ്പെടെ യുജിസിയുടെ പുതിയ പരിഷ്കാരം ബാധകമാക്കണമെന്നാണ് സംഘടനയുടെ ഉറച്ച നിലപാട്. സംസ്ഥാനസർക്കാർ ഇനിയും അമാന്തം വരുത്താതെ എല്ലാ അധ്യാപകർക്കും യുജിസിയുടെ പുതിയ പരിഷ്കാരം നടപ്പിലാക്കിക്കൊണ്ട് ഉത്തരവാകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കേന്ദ്ര-സംസ്ഥാന ജീവനക്കാർക്ക് കിട്ടിക്കഴിഞ്ഞ ശമ്പളപരിഷ്കാരം കോളേജ്-സർവകലാശാലാ അദ്ധ്യാപകരുടെ കാര്യത്തിൽ മാത്രം താമസിപ്പിക്കുന്നതിൽ ന്യായീകരണമില്ല. അദ്ധ്യാപകരെ മറ്റൊരു പ്രക്ഷോഭത്തിലേക്ക് തള്ളിവിടാതെ സർക്കാർ ഉത്തരവ് അടിയന്തിരമായും ഉണ്ടാകേണ്ടിയിരിക്കുന്നു. ❑

# "ഇൻഫർമേഷൻ ടെക്നോളജി- വിദ്യാഭ്യാസരംഗത്തെ സാദ്ധ്യതകൾ"

AKPCTA അക്കാഡമിക് കമ്മിറ്റി നിലമേൽ എൻ.എസ്.എസ് കോളേജ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'ഇൻഫർമേഷൻ ടെക്നോളജി - വിദ്യാഭാസരംഗത്തെ സാധ്യതകൾ' എന്ന വിഷയത്തെ ആസ്പദമാക്കി 1998 ഡിസംബർ 22-ാം തീയതി സെമിനാർ നടന്നു. കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് വിഭാഗം അധ്യാപകനും ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ അറിയപ്പെടുന്ന പ്രഭാഷകനും, ഗ്രന്ഥകാരനുമായ ഡോ. അച്യുത്ശങ്കർ എസ് നായർ ആണ് സെമിനാർ നയിച്ചത്. കോളേജ് അക്കാഡമിക് കമ്മിറ്റി ചെയർമാൻ പ്രോഫ. പി.എൻ. ഗംഗാധരൻ നായർ സെമിനാറിൽ ആദ്ധ്യക്ഷം വഹിക്കുകയും കൺവീനർ ജി. പുഷ്പാംഗദൻ സ്വാഗതം ആശംസിക്കുകയും ചെയ്തു.

ഇന്റർനെറ്റ് എന്നുവിളിക്കുന്ന, നൂതന കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾവഴി ലോകത്തെമ്പാടുമുള്ള കമ്പ്യൂട്ടറുകൾ ഒരു ഭീമൻ ശൃംഖലയായി പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു. ഇന്റർനെറ്റിന്റെ സാദ്ധ്യതകൾ അനന്തമാണ് - വിശിഷ്യാ വിദ്യാഭ്യാസരംഗത്ത്. ഒന്നരമണിക്കൂർ നീണ്ടുനിന്ന പ്രഭാഷണത്തിൽ ഇന്റർനെറ്റിന്റെ അനന്തവും അത്ഭുതകരവുമായ ലോകത്തിലേക്ക് കേൾവിക്കാരെ പ്രഭാഷകൻ നയിച്ചു. തികച്ചും ഹൃദ്യവും ആസ്വാദ്യകരവുമായിരുന്നു പ്രഭാഷണം.

സംഘടനാ ഭേദമെന്യേ, എല്ലാ വിഭാഗം അധ്യാപകരും സെമിനാറിൽ സജീവമായി പങ്കെടുക്കുകയും സംവാദത്തിലൂടെ സെമിനാറിനെ കൂടുതൽ ധന്യമാക്കുകയും ചെയ്തു.

സെമിനാറിൽ ആശംസകളർപ്പിച്ചുകൊണ്ട് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. വി. ശശിധരകുമാർ, പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളിലൂടെ അദ്ധ്യാപകർ കൂടുതൽ പ്രബുദ്ധരാകേണ്ടതിന്റെ ആവശ്യകത എടുത്തുപറയുകയും ഇനിയും ഇത്തരം സെമിനാറുകൾക്ക് എല്ലാവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

സെമിനാറിൽ സംബന്ധിച്ചവർക്ക് പ്രൊഫ. സുരേഷ്ബാബു നന്ദി രേഖപ്പെടുത്തി. ❑

# പരീക്ഷാ പരിഷ്കരണം
## കൺസൾട്ടേഷൻ

എകെപിസിടിഎ അക്കാദമിക് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ "പരീക്ഷാ പരിഷ്കരണം" ചർച്ചാ സമ്മേളനം നവംബർ 21, 22 തീയതികളിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽവച്ച് നടന്നു. ചർച്ചാ സമ്മേളനം കേരളാ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. എൻ. ബാബു ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എയുടെ വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ തികച്ചും ശ്ലാഘനീയമാണ് എന്ന് ഡോ. എൻ. ബാബു പറഞ്ഞു. വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് ആരെങ്കിലും തുടക്കമിട്ടാൽ, അതിനു പിന്നാലെ ഒരു രാഷ്ട്രീയ സംഘർഷമാണ് സാധാരണ പൊട്ടിപ്പുറപ്പെടാറുള്ളത്. തുടർന്നു അതു ഉപേക്ഷിക്കുകയും ചെയ്യുന്നു. പരീക്ഷകളുടെ ഭരണപരമായ നടത്തിപ്പും അതിന്റെ വിദ്യാഭ്യാസപരമായ കാഴ്ചപ്പാടും സമരസപ്പെടുത്തി കൊണ്ടുപോകുവാൻ കഴിയുമ്പോഴാണ് അതു പ്രായോഗികമാകുന്നത്. അടിച്ചേൽപ്പിക്കപ്പെട്ട പാഠ്യക്രമമല്ല, വിവേകത്തോടെ തെരഞ്ഞെടുക്കുന്ന പാഠ്യക്രമം കാര്യക്ഷമമായി നാം അനുവർത്തിക്കുകയാണ് ചെയ്യേണ്ടതെന്നു ഡോ. എൻ. ബാബു അഭിപ്രായപ്പെട്ടു.

ഇന്നത്തെ മൂല്യനിർണ്ണയരീതികൾ ശാസ്ത്രീയമായ വിദ്യാർത്ഥി വിശകലനത്തിനും അവരുടെ കഴിവുകളെ അളക്കുന്നതിനും പര്യാപ്തമാകുന്നില്ല എന്നു കണ്ണൂർ സർവ്വകലാശാല പരീക്ഷാ കൺട്രോളർ പ്രൊഫ. ജയരാജൻ സൂചിപ്പിച്ചു. പകരം ഒരു സംവിധാനം ആവിഷ്കരിക്കുന്നതിനു അദ്ധ്യാപകർതന്നെയാണ് മുൻകൈ എടുക്കേണ്ടത്. ആ അർത്ഥത്തിൽ ഈ സംരംഭം അഭിനന്ദനീയമാണെന്നു അദ്ദേഹം പറഞ്ഞു.

കൊച്ചി സർവ്വകലാശാല ഇലക്ട്രോണിക്സ് വകുപ്പിന്റെ സെമിനാർഹാളിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് പ്രൊഫ. ജോയ്ജോബ് കുളവേലിൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി




കേരള സർവ്വകലാശാല വൈസ്ചാൻസലർ ഡോ. എൻ. ബാബു സംസാരിക്കുന്നു

പ്രൊഫ. കെ.പി. ദിവാകരൻ നായർ സ്വാഗതം പറഞ്ഞു. അക്കാദമിക് കമ്മറ്റി ചെയർമാൻ ഡോ. പി.ജെ. ഫിലിപ്പ് പരീക്ഷാ പരിഷ്കരണരേഖയുടെ വിശദാംശങ്ങൾ അവതരിപ്പിച്ചു.

ഉച്ചക്കുശേഷം നടന്ന ചർച്ചാ സമ്മേളനത്തിൽ കൊച്ചി സർവ്വകലാശാല വൈസ്ചാൻസലർ ഡോ. ബാബുജോസഫ് മുഖ്യപ്രഭാഷണം നടത്തി. പുതിയ ഏതു മാറ്റങ്ങളോടും സമൂഹം പൊതുവിൽ വിമുഖത കാട്ടുന്നു. പഴമയെ താലോലിക്കുന്നതിൽ ഉത്സാഹവും കാട്ടുന്നതായി അദ്ദേഹം പറഞ്ഞു. ഈ പ്രവണതയാണ് നമ്മുടെ പുരോഗമനം മുടക്കുന്നതിന്റെ പ്രധാനകാരണം. പരീക്ഷാ മൂല്യനിർണയത്തിന്റെ കാലികവും വ്യക്തിനിഷ്ഠവും ശാസ്ത്രീയവുമായ പുനഃസംഘാടനവും രൂപകല്പനയുമാണ് ഇന്നു ഉന്നതവിദ്യാഭ്യാസ രംഗത്ത് അനിവാര്യമായിട്ടുള്ളത്. സെമസ്റ്റർ സമ്പ്രദായത്തിൽ നൂറുശതമാനവും ആന്തരികമൂല്യനിർണ്ണയമാണ് നടക്കുന്നതെന്നും ഡോ. ബാബുജോസഫ് അഭിപ്രായപ്പെട്ടു.

വൈകിട്ടുനടന്ന ചർച്ചയിൽ സ. സി.പി. നാരായണൻ പങ്കെടുത്തു സംസാരിച്ചു. പണ്ഡിതന്മാരെ സൃഷ്ടിക്കുവാൻ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന് കഴിയുന്നില്ല. നിരീക്ഷിക്കുവാനും വിശകലനം ചെയ്യുവാനും നിഗമനത്തിലെത്തുവാനും ഇന്നത്തെ വിദ്യാർത്ഥികൾക്ക് സാധിക്കുന്നില്ല. അറിവിന്റെ കൈമാറ്റം ക്ലാസ്മുറികളിൽ അപൂർവ്വമായേ നടക്കാറുള്ളു എന്ന് സി.പി. നാരായണൻ കൂട്ടിച്ചേർത്തു. ഇതിനു പരിഹാരമായി അദ്ധ്യാപനത്തിന്റെയും മൂല്യനിർണയത്തിന്റെയും രീതികൾ മാറണം. കരിക്കുലവും അപ്രോച്ച് പേപ്പറും തയ്യാറാക്കി പൊതുജന അഭിപ്രായത്തിന് വിടണമെന്നും സി.പി. നാരായണൻ നിർദ്ദേശിച്ചു.

കൊച്ചി സർവ്വകലാശാല ബയോടെക്നോളജിവകുപ്പിലെ ഡോ. പൗലോസ്ചർച്ചാ സമ്മേളനത്തിൽ പങ്കെടുത്തു. ഉന്നതവിദ്യാഭ്യാസത്തിന്റെ ഭരണതലങ്ങളിലുള്ളവർ മാറ്റത്തിന് തയ്യാറാവുകയാണ് ആദ്യം വേണ്ടതെന്നു അഭിപ്രായപ്പെട്ടു.

രാത്രിയിൽ സോഷ്യൽ സയൻസസ്, ഫിസിക്കൽ സയൻസ്, ലൈഫ് സയൻസസ്, ഹ്യൂമാനിറ്റീസ് എന്നീ വിഭാഗങ്ങളായി തിരിഞ്ഞു അദ്ധ്യാപകർ ചർച്ചകർ നടത്തി.

രണ്ടാം ദിവസം രാവിലെ സോഷ്യൽസയൻസസ് ചർച്ചകളുടെ റിപ്പോർട്ട് ഡോ. പി.എസ്. മോഹനകുമാർ, ലൈഫ് സയൻസസ് ചർച്ചകളുടെ റിപ്പോർട്ട് പ്രൊഫ. ബാലു. ടി. കുഴിവേലി, ഹ്യൂമാനിറ്റീസ് ചർച്ചകളുടെ റിപ്പോർട്ട് പ്രൊഫ. ജോസ് ജോസഫും അവതരിപ്പിച്ചു. പ്രൊഫ. കെ.പി. ദിവാകാരൻനായർ, ഡോ. പി.ജെ. ഫിലിപ്പ്, പ്രൊഫ. കെ. സദാശിവൻനായർ, പ്രൊഫ. ടി.എൻ. രാമൻപിള്ള എന്നിവർ ഉപക്രമ പ്രസംഗങ്ങൾ നടത്തി. അക്കാദമിക് കമ്മറ്റി കൺവീനർ പ്രൊഫ. വി.എൻ. മുരളി ചർച്ചാ സമ്മേളനനത്തിനു നന്ദി രേഖപ്പെടുത്തി.

കണ്ണൂർ, കോഴിക്കോട്, മഹാത്മാഗാന്ധി, കേരളസർവകലാശാലകളുടെ കീഴിലുള്ള വിവിധകോളേജുകളിൽ നിന്നുമായി 70 അദ്ധ്യാപകർ രണ്ടു ദിവസത്തെ ചർച്ചാ സമ്മേളനത്തിൽ സജീവമായി പങ്കെടുത്തു.

*തയ്യാറാക്കിയത്:* പ്രൊഫ. ജോർജ് ജോസഫ്,
എസ്.എച്ച്. കോളേജ്, തേവര

ഡോ. പി.എസ്. മോഹനകുമാർ,
എസ്.എസ് കോളേജ്, കാലടി



## ശ്രീ. കിരൺമാത്യു നിര്യാതനായി

പുൽപ്പള്ളി പഴശ്ശിരാജാ കോളേജിലെ ചരിത്രവിഭാഗം അദ്ധ്യാപകനും ഏകെപിസിടിഎയുടെ സജീവപ്രവർത്തകനുമായിരുന്ന ശ്രീ. കിരൺമാത്യു (33) 18.10.98-ന് നിര്യാതനായി. സംഘടനയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# Bringing Sporting Spirit to Education

**V. Jayakumar**
NSS College for women, Thiruvananthapuram

Higher education scenario in India is passing through a transition phase. Considerable attention is being paid by policy makers, educationalists, student community and the general public to raise the quality of education. So much is talked about improving standards of education, infrastructural facilities, revising and updating of syllabi, introduction of management technique etc. In this connection the quality of improvement in all educational aspects must be looked into. The fundamental purpose of education is to equip the mind, sharper the intellect and lay the base for full development of personality. Mind, body and spirit are inseparable and interdependent like heat and fire. Winning a degree must not be regarded as the goal of university education, but it should be a stepping stone for further action and achievements in life. Sports and Physical Education provide opportunities for dynamism and recreation.

Physical Education is an extension of the process of education without which education is bound to be incomplete and ineffective. Physical Education classes are not, classes for exercises as mostly interpreted. They provide an educational opportunity to express oneself physically and gain pleasure through skilful performance. There is no curriculum for Physical Education in most of the Indian Universities. The role of Physical Education teacher is confined to the management of sports programmes of the colleges and universities. There is incompatibility between Physical Education and other academic streams. This situation must change.

"All work and no play makes jack a dull boy" so goes the old saying. Sports help to shape personality, tune up character, develop team spirit and create relational pride apart from serving as an excellent medium of physical expression. At the end of the educational session in universities–a long stint of seven years–most of the students donot get the pleasures and benefits of sports unless they, impelled by an inner urge for diversition, do not deliberately involve themselves in sports. There is plenty of research evidence to show that to attain exceptionally high achievement in any field there must be adequate means for it. Potentially outstanding students need not only the basic means, but means which will help to develop their talents and abilities.

Sports and Physical Education are an essential part of human resource development. They help to develop health, camaraderie and the spirit of friendly competition which contribute a lot in the development of personality. Excellence in sports strengthens the sense of achievement, national pride and patriotism. Sports provides beneficial recreation and also promotes productivity, social harmony and discipline.

In India the students' role in the selection process of education is limited. The modern interactive education scenario recognises the skills and talents of children and gives them the opportunity for self selection. The Chinese system of education which allows children freedom of self selection in the educational process is an example. Children's palaces in China give children opportunity to select educational activity of their preference.

Education is the sharing of knowledge through organised disclosure and dissemination. Integration of sports and physical education with the main education curriculum incorporating effective evaluation system has to be given serious consideration. The curriculum which is not related to the level of growth of the students must be reorganised. The subjects

taught in the classrooms need to be integrated into the ambit of sports and physical education.

A student who learns about first order levers in his physics class has to be taught about levers in the human body and how each of these levers is used in various movements in sports. The thrust in education is changing rapidly with the focus shifting to curriculum oriented sports and Physical Education. The students of colleges and Universities cannot be denied opportunities of sports and physical education. Sports science has become discipline in itself.

Psychology of sports, sociology of sports, Biomechanics, Exercise Physiology, Kinesiology, Sports physiotherapy, Health education, Fitness Education etc. can be integrated into the general curriculum. Sports whether competitive or otherwise inculcates a desire to win, to succeed and excel. It has pace and stillness, drama-comedy and tragedy. Sports conveys more vividity, elation and despair in every ones emotional range. The present day curriculum seems to have lost its significance because the emphasis given to sports and Physical Education is highly inadequate. ❑



*BA (AFZAL-UL-ULMA) റാങ്ക് ജേതാക്കൾക്ക് എ.കെ.പി.സി.ടി.എ അറബിക് കോളേജ് യൂണിറ്റ് ഏർപ്പെടുത്തിയ അവാർഡ് കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. കെ.കെ.എൻ. കുറുപ്പ് വിതരണം ചെയ്യുന്നു.*

## എകെപിസിടിഎ സ്ഥാനാർത്ഥികൾക്ക് എതിരില്ല

തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജ് കൗൺസിലിലേക്ക് എകെപിസിടിഎ സ്ഥാനാർത്ഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ഡോ. വി.കെ. നാരായണകൈമൾ, പ്രൊഫ. കെ. വേണുഗോപാൽ, ഡോ. പി. വിജയലക്ഷ്മി എന്നിവരാണ് വിജയിച്ചത്. എ.കെ.പി.സി.ടി.എയുടെ അഭിനന്ദനങ്ങൾ.

# സ്വകാര്യകോളേജ് അദ്ധ്യാപകർക്ക് പാരിറ്റി ലഭിച്ചിട്ടില്ല

ഡോ. വി.ആർ. പ്രകാശം
എഫ്.എം.എൻ. കോളേജ്, കൊല്ലം

സർക്കാർ കോളേജ് അദ്ധ്യാപകർ അനുഭവിച്ചിരുന്ന സേവന-വേതന വ്യവസ്ഥകൾ തങ്ങൾക്കും ബാധകമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്വകാര്യകോളേജ് അദ്ധ്യാപകർ മുദ്രാവാക്യം വിളിച്ചിട്ടുണ്ട്, തുടർന്ന് സമരവും നടത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി തുല്യശമ്പളം നേരിട്ട് നല്കാനുള്ള കരാർ സർക്കാരുമായി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതോടെ പാരിറ്റി ലഭിച്ചുകഴിഞ്ഞുവെന്ന നിഗമനത്തിലാണ് പലരും എത്തിച്ചേർന്നത്. എന്നാൽ ശമ്പളസ്കെയിലിന്റെ കാര്യം ഒഴിച്ച് മറ്റൊരു കാര്യത്തിലും തുല്യതവാങ്ങിയെടുക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. സർക്കാർ കോളേജ് അദ്ധ്യാപകർ ഇപ്പോഴും പല കാര്യത്തിലും മുൻപന്തിയിലാണെന്ന് സ്ഥാപിക്കാനുള്ള ശ്രമമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

- സർക്കാർ കോളേജ് അദ്ധ്യാപകർ ഗസറ്റഡ് ഓഫീസർമാരാണ്. അതുകൊണ്ട് ശമ്പളം വാങ്ങുന്ന കാര്യത്തിൽ ഇവർക്ക് സെൽഫ് ഡ്രോയിംഗ് അധികാരം ഉണ്ട്. ശമ്പളം ആയാലും കുടിശ്ശിക ആയാലും യഥാസമയം എഴുതി വാങ്ങാൻ ഇവർക്ക് എളുപ്പം കഴിയുന്നു. എന്നാൽ സ്വകാര്യ കോളേജിൽ പ്രിൻസിപ്പലാണ് ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിംഗ് ഓഫീസർ. കോളേജ് ഓഫീസിൽ എല്ലാവരുടേയും ശമ്പളം ഒരുമിച്ചെഴുതി ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പരിശോധനയ്ക്ക് അയക്കുന്നു. അവിടെ നിന്നു ശമ്പളബിൽ പാസ്സായാൽ ട്രഷറിയിൽ എത്തിച്ച് ക്യാഷ് ചെയ്യുന്നു. എന്നാൽ കോളേജ് ഓഫീസിലെയും ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേയും അനാസ്ഥ കൊണ്ട് ശമ്പളം കൃത്യസമയത്ത് ലഭിക്കാതെ വരുന്ന സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. കുടിശ്ശിക ശമ്പളത്തിന്റെ കാര്യത്തിലാണെങ്കിൽ പ്രശ്നം ഗുരുതരമാണ്. കുടിശ്ശിക ലഭിക്കാൻ അക്ഷന്തവ്യമായ കാലതാമസമാണ് അനുഭവപ്പെടുന്നത്. ഈ ബുദ്ധിമുട്ട് ഒഴിവാക്കാനുള്ള ആവശ്യങ്ങൾ പ്രത്യേകിച്ച് സർക്കാർ അദ്ധ്യാപകരെപ്പോലെ നേരിട്ട് ശമ്പളം എഴുതിവാങ്ങാനുള്ള അനുമതി, സർക്കാരിന് സമർപ്പിച്ചിട്ട് പരിഹാരമില്ലാതെ വർഷങ്ങളായി കെട്ടിക്കിടക്കുന്നു.

- സർക്കാർ ഖജനാവിൽനിന്നും ശമ്പളം പറ്റുന്നവരാണ് സ്വകാര്യകോളേജ് അദ്ധ്യാപകർ. അതുകൊണ്ടുതന്നെ സർക്കാരിന്റെ പ്രൊവിഡന്റ് ഫണ്ട് നിയമങ്ങൾ ഇക്കൂട്ടർക്കും ബാധകമാണ്. അടിസ്ഥാന ശമ്പളത്തിന്റെ ആറ് ശതമാനം മാസംതോറും പി.എഫിൽ നിക്ഷേപിക്കാൻ ഇവർ ബാദ്ധ്യസ്ഥരാണ്. കുറച്ച് പേരെങ്കിലും മിനിമത്തിൽ കൂടുതൽ പി.എഫിൽ നിക്ഷേപിക്കുന്നവരുണ്ട്. ആവശ്യാനുസരണം തിരിച്ചെടുക്കാനുള്ള ബുദ്ധിമുട്ട്കൊണ്ടാണ് മറ്റുള്ളവർ കൂടുതൽ തുക നിക്ഷേപിക്കാൻ മടി കാട്ടുന്നത്. പി.എഫിലുള്ള നിക്ഷേപം അദ്ധ്യാപകർക്ക് ആവശ്യാനുസരണം കടമായി പിൻവലിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഒരു സർക്കാർ ഉദ്യോഗസ്ഥന് ഇത് യഥേഷ്ടം ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ എടുക്കാൻ കഴിയുമെന്നിരിക്കെ, സ്വകാര്യകോളേജ് അദ്ധ്യാപകന് ഒരു ലോൺ അപേക്ഷ അനുവദിച്ചുകിട്ടാൻ മാസങ്ങളോളം കാത്തിരിക്കേണ്ട ഗതികേടിലാണ്. പി.എഫിൽ ക്രെഡിറ്റ് ചെയ്യുന്ന തുകയ്ക്ക് പലിശ കിട്ടുന്നുണ്ടോ എന്ന് അറിയാൻ പോലും കഴിയുന്നില്ല. ക്രഡിറ്റ് കാർഡ് ലഭ്യമാക്കാമെന്ന വാഗ്ദാനം ജലരേഖയായി മാറിയിരിക്കുന്നു. പെൻഷൻ ആകുമ്പോഴേക്കും എന്തെങ്കിലും കിട്ടിയാൽ ഭാഗ്യം എന്നതാണ് സ്ഥിതി. 15 വർഷം സേവനം പൂർത്തിയാക്കിയ സർക്കാരുദ്യോഗസ്ഥന് നോൺ റീഫണ്ടബിൾ അഡ്വാൻസ് എടുക്കാമെന്നൊരു ഭേദഗതി അടുത്തകാലത്ത് ഓർഡറായി പുറത്ത്വന്നു. രസകരമെന്ന പറയട്ടെ, പ്രൈവറ്റ് കോളേജ് അദ്ധ്യാപകന് ഈ ആനുകൂല്യം ലഭിക്കണമെങ്കിൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി ചട്ടങ്ങളിൽ മാറ്റം വരുത്തണമത്രെ. വീണ്ടും മാസങ്ങളും വർഷങ്ങളും നീളുന്ന നിയമനടപടികൾ നടത്തേണ്ടിവന്നിരിക്കുന്നു.

- സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന മറ്റൊരു ആനുകൂല്യമാണ് വീട് നിർമ്മാണത്തിനും വാഹനം വാങ്ങാനും സർക്കാർ അനുവദിക്കുന്ന ലോൺ സമ്പ്രദായം. ഇത് സ്വകാര്യകോളേജ് അദ്ധ്യാപകർക്ക് ലഭിക്കുന്നില്ല. ലോൺ തിരിച്ചടക്കാൻ കഴിവില്ലാത്തതുകൊണ്ടോ അല്ലെങ്കിൽ തിരിച്ചു പിടിക്കാൻ സംവിധാനം ഇല്ലാത്തതു കൊണ്ടോ അല്ല ലോൺ നല്കാത്തത്. മറിച്ച് മറ്റൊരു ന്യായീകരണവും ഇതിന് പറയാനുണ്ടാവില്ല.

- സർവ്വീസിലിരിക്കുമ്പോൾ മരണമടയുന്നവരുടെ ആശ്രിതർക്ക് ലഭിക്കുന്ന ആനുകൂല്യം പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് കിട്ടാൻ വകുപ്പുകളില്ല. സ്വകാര്യസ്ഥാപനങ്ങൾ സാമൂഹ്യചുറ്റുപാടുകളിൽ നിന്ന്, കടപ്പാടുകളിൽ നിന്ന് ഒറ്റപ്പെട്ട് നില്ക്കുന്നവയല്ല. സ്വയംഭരണസ്ഥാപനങ്ങളായ യൂണിവേഴ്സിറ്റികൾപോലും ഈ ആനുകൂല്യത്തിന് വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- ഓരോ വിഷയത്തിലേയും വിദഗ്ദ്ധന്മാരുടെ ചില പാനലുകൾ സർക്കാർ - സർവ്വകലാശാലകൾ തയ്യാറാക്കാറുണ്ട്. ഇതിൽ സ്വകാര്യ കോളേജ് അദ്ധ്യാപകരെ ഉൾപ്പെടുത്താറില്ല. പബ്ലിക് സർവീസ്കമ്മീഷന്റെ സെലക്ഷൻകമ്മിറ്റിയിൽ പ്രൈവറ്റ് കോളേജദ്ധ്യാപകനെ ക്ഷണിക്കാറില്ല. എന്നാൽ സർക്കാർ കോളേജ് അദ്ധ്യാപകരെ ഉൾപ്പെടുത്താറുണ്ട്. കോളേജുകളിൽ അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള യൂണിവേഴ്സിറ്റിയുടെ അംഗീകൃത സബ്ജക്ട് എക്സപേർട്ട്മാരുടെ പാനലിൽ സ്വകാര്യകോളേജ് അദ്ധ്യാപകർക്ക് കടന്ന്വരാൻ കഴിഞ്ഞിട്ടില്ല. കോളേജുകളിൽ കോഴ്സ് അനുവദിക്കുന്നതിന് നിയോഗിക്കുന്ന പരിശോധന സമിതികിളിൽപോലും സ്വകാര്യകോളേജ് അദ്ധ്യാപകരെ വളരെ വിരളമായെ പങ്കെടുപ്പിക്കാറുള്ളൂ.
- കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ചില ഉയർന്ന തസ്തികകളാണ് അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, യു.ജി.സി സ്പെഷ്യൽ ഓഫീസർ തുടങ്ങിയവ. ഈ തസ്തികകളിലേക്ക് സർക്കാർ കോളേജ് അദ്ധ്യാപകരെയാണ് പ്രമോഷൻ വഴി നിയമിച്ചുവരുന്നത്. സ്വകാര്യകോളേജ് അദ്ധ്യാപകരെ ഇതിൽനിന്നും അകറ്റി നിറുത്തിയിരിക്കുന്നു. ഇതിന് ഒരു ന്യായീകരണവുമില്ല. പി.എസ്സ്.സി. വഴി ഓപ്പൺ റിക്രൂട്ട്മെന്റിലൂടെ ഈ തസ്തികകളിലേക്ക് നിയമനം നടത്തേണ്ടതാണ്. അപ്പോൾ മാത്രമേ സ്വകാര്യ കോളേജ് അദ്ധ്യാപകർക്ക് കൂടി ഇതിന് അവസരം ലഭിക്കുകയുള്ളൂ.
- അടുത്തകാലം വരെ കേരളത്തിൽ എം.ഫിൽ കോഴ്സ് സർവ്വകലാശാലാ വകുപ്പുകളിൽ മാത്രം ഒതുങ്ങി നില്ക്കുകയായിരുന്നു. എന്നാൽ മൂന്നു വർഷംമുമ്പ് ചില സർക്കാർ കോളേജുകളിൽ ഈ കോഴ്സ് തുടങ്ങാനിടയായി. പ്രൈവറ്റ് കോളേജുകളുടെ അപേക്ഷകൻ നിരസിക്കപ്പെട്ടു. സ്വകാര്യകോളേജുകളുടെ പ്രതിനിധികളുള്ള യൂണിവേഴ്സിറ്റികൾപോലും ഇതിന് ഒട്ടും താല്പര്യം കാണിച്ചില്ല. ഏതാനും വർഷത്തേക്ക് പാർട്ട്-ടൈം എം.ഫിൽ കോഴ്സ് നടത്തി അവർ തൃപ്തരായി.
- അദ്ധ്യാപകർക്ക് വേണ്ടിയുള്ള റിഫ്രഷർ കോഴ്സിന്റെ കാര്യമാണ് മറ്റൊന്ന്. സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സർക്കാർ കോളേജുകളിൽ അവർക്ക് മാത്രമായി റിഫ്രഷർ കോഴ്സുകൾ വർഷങ്ങളായി നടന്നുവരികയായിരുന്നു. ഈയിടെ ഈ കോഴ്സുകൾക്ക് സ്വകാര്യ കോളേജ് അദ്ധ്യാപകർക്കും അഡ്മിഷൻ നല്കാമെന്ന് വിധിച്ചിരിക്കുന്നു. കേരളത്തിലെ കോളേജ് അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്വകാര്യകോളേജിൽ നിന്നുള്ളവരാണ്. ഇത്തരം കോഴ്സുകൾ ഇക്കൂട്ടർക്കു വേണ്ടി സൗകര്യമുള്ള സ്വകാര്യകോളേജുകളിൽ സംഘടിപ്പിക്കാമെന്നിരിക്കെ, അതിനുള്ള അനുവാദം നല്കാതെ സ്വകാര്യകോളേജുകളെ അവഗണിക്കുകയാണ്.
- പ്രീഡിഗ്രി വേർപെടുത്തുമ്പോൾ അധികം വരുന്ന പ്രൈവറ്റ് കോളേജ് അദ്ധ്യാപകരെ സ്കൂളുകളിലേക്ക് ഡെപ്യൂട്ടേഷനിൽ അയയ്ക്കാൻ സന്നദ്ധമാണെന്ന ഒരു നിർദ്ദേശം വിദ്യാഭ്യാസ വകുപ്പുകളിൽ നിന്നും ഉണ്ടായിരുന്നു. അദ്ധ്യാപകർ മോശക്കാരാണെന്ന ധാരണയാണോ, ഇങ്ങനെ തരംതാഴ്ത്തി സ്കൂളുകളിലേക്ക് അയയ്ക്കാൻ നിർദ്ദേശിച്ചതെന്ന് വ്യക്തമല്ല. എന്തായാലും അദ്ധ്യാപകർ ഇത് തള്ളിക്കളഞ്ഞിരിക്കുന്നു. എന്നാൽ കേരളത്തിലെ സർവ്വകലാശാല വകുപ്പുകളിൽ ധാരാളം ഒഴിവുകൾ നികത്താതെ കിടപ്പുണ്ട്. ഒട്ടും മോശക്കാരല്ലാത്ത നല്ല യോഗ്യതകളുള്ള സീനിയറും ജൂനിയറും ആയമിടുക്കന്മാർ ഇന്ന് പ്രൈവറ്റ് കോളേജുകളിൽ ജോലിചെയ്യുന്നുണ്ട്. ഇവരെ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ തയ്യാറായാൽ അദ്ധ്യാപകർ മുന്നോട്ടുവരുമെന്ന കാര്യത്തിൽ സംശയമില്ല. രണ്ടിടത്തും ഒരേ ശമ്പളസ്കെയിലുകളുള്ള തസ്തികകളാണ് നിലനില്ക്കുന്നത്.
- അങ്ങനെ പൊതുവെനോക്കിയാൽ സ്വകാര്യകോളേജുകളോടും സ്വകാര്യകോളേജ് അദ്ധ്യാപകരോടും ഒരു അവഗണനമനോഭാവം അധികാരികൾ വച്ചു പുലർത്തുന്നുണ്ട്. കേരളത്തിലെ സ്വകാര്യ കോളേജുകൾ ഒരർത്ഥത്തിൽ "അർദ്ധസർക്കാർ" സ്ഥാപനങ്ങളെപ്പോലെയാണ് പ്രവർത്തിക്കുന്നത്. കാരണം കോഴ്സ് അനുവദിക്കാൻ, അദ്ധ്യാപക-അനദ്ധ്യാപക നിയമനം, പ്രമോഷൻ തുടങ്ങിയവ സർക്കാരിന്റേയും സർവ്വകലാശാലയുടേയും നിയമങ്ങൾക്ക് വിധേയമായിട്ടാണ് ചെയ്യുന്നത്. മാത്രവുമല്ല വാർഷിക ഗ്രാന്റ്, ജീവനക്കാർക്ക് ശമ്പളം തുടങ്ങിയവ സർക്കാർ നല്കിവരുന്നു. അതുകൊണ്ട് ഈ സ്ഥാപനങ്ങളിലെ ജീവനക്കാരേയും സർക്കാർ ജീവനക്കാർക്ക് തുല്യരായി കണക്കാക്കേണ്ടതായിട്ടുണ്ട്. എന്നാൽ പ്രൈവറ്റ് കോളേജ് അധികൃതർ മെറിറ്റിന് വിലകല്പിക്കാതെ സ്വന്തം പാർശ്വവർത്തികൾക്കും സമുദായക്കാർക്കും കോഴ കൈപ്പറ്റി നിയമനം നല്കുന്നതായി പരാതി നിലവിലുണ്ട്. സ്വകാര്യകോളേജ് അദ്ധ്യാപകർ നിലവാരം കുറഞ്ഞവരാണെന്ന ധാരണ പരത്താൻ ഇത് വഴി നല്കിയിട്ടുണ്ട്. ഒരു പരിധിവരെ ഇത് ശരിയാണെങ്കിലും ഉയർന്ന യോഗ്യതകളും കഴിവുമുള്ള ധാരാളം പ്രതിഭകൾ സ്വകാര്യകോളേജുകളിൽ ജോലിചെയ്തുവരുന്നുണ്ട്. അതുകൊണ്ട് തന്നെ സ്വകാര്യകോളേജ് അധ്യാപകരോടുള്ള അവഗണനക്കെതിരായി ശക്തമായി പോരാടേണ്ടതായിട്ടുണ്ട്. പാരിറ്റിയുടെ പേരിൽതന്നെ ഇതിനുള്ള സമരം ശക്തമാക്കേണ്ടതാണ്. പാരിറ്റിക്ക് വേണ്ടി പോരാടുമ്പോൾ നമ്മുടെ അവകാശങ്ങളാണ് നാം സ്ഥാപിച്ചെടുക്കേണ്ടത്.

# പരീക്ഷാ പരിഷ്കരണ സെമിനാർ

## കെ.ഇ. കോളേജ്, മാന്നാനം

1999 ജനുവരി 16-ാം തീയതി ശനിയാഴ്ച മാന്നാനം കെ.ഇ. കോളേജ് ആഡിറ്റോറിയത്തിൽ എ.കെ.പി.സി.ടി.എ ബ്രാഞ്ച് സംഘടിപ്പിച്ച പരീക്ഷാ പരിഷ്കരണ സെമിനാർ വ്യത്യസ്തമായ ഒരനുഭവമായിത്തീർന്നു. കോളേജ് പ്രിൻസിപ്പൽ, എ.കെ.പി.സി.ടി.എ നേതാക്കന്മാർ, മറ്റ് അധ്യാപക സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥികൾ, ബ്രാഞ്ചംഗങ്ങൾ എന്നിങ്ങനെ നൂറോളംപേർ യോഗത്തിൽ സംബന്ധിച്ചു. ബ്രാഞ്ച് സെക്രട്ടറി കെ.കെ. ടോമി സ്വാഗതപ്രസംഗത്തിൽ പരീക്ഷാപരിഷ്കരണം കൊണ്ടു സംഘടന സാധിച്ചെടുക്കേണ്ട ലക്ഷ്യങ്ങൾ വിശദീകരിച്ചു. സെമിനാർ ഉദ്ഘാടനം ചെയ്തത് വർക്കിംഗ് കമ്മറ്റി മെമ്പറും, എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗവുമായ പ്രൊഫ. കെ. സദാശിവൻ നായരാണ്. കഴിഞ്ഞ ഒരു വർഷമായി സർവ്വകലാശാലയിൽ നടന്നുവരുന്ന സിലബസ് പരിഷ്കരണ പ്രവർത്തനങ്ങൾ അദ്ദേഹം വിശദീകരിച്ചു. ഇതിന് അനുബന്ധമായി പരീക്ഷാക്രമങ്ങളും സമീപനങ്ങളും മാറേണ്ടതുണ്ടെന്നും സദാശിവൻനായർ വ്യക്തമാക്കി.

യൂണിവേഴ്സിറ്റിയിൽ ഈ അക്കാദമിക് വർഷത്തിൽ ആരംഭിച്ച ക്രിയാത്മകമായ മാറ്റങ്ങളെ കെ.ഇ. കോളേജ് പ്രിൻസിപ്പൽ എ.ജെ. വല്ലയിൽ ഏറെ ശ്ലാഘിച്ചു. ഇന്റേണൽ അസസ്മെന്റ് കലാലയാന്തരീക്ഷത്തെ പാടേ മാറ്റിയിരിക്കുന്നു. വിദ്യാർത്ഥികളുടെ ഉത്തരവാദിത്ത ബോധവും ക്രിയാത്മകതയും വർദ്ധിച്ചിട്ടുണ്ട്. പഠിതാക്കളുടെ സമീപനത്തിൽവന്ന മാറ്റം ഭരണനിർവ്വഹണഭാരവും ലഘൂകരിക്കുന്നതിനു സഹായകമായി. പരീക്ഷാ നടത്തിപ്പ് കാര്യക്ഷമമാക്കുക എന്നതാണിനി വേണ്ടത്. അതിന് കോളേജ് തല സെൻട്രലൈസ്ഡ് വാലേഷൻ സമ്പ്രദായം പരീക്ഷിച്ചു നോക്കണമെന്നും ഫാ. വല്ലയിൽ ആവശ്യപ്പെട്ടു.

**പ്രൊഫ. മോഹൻകുരിയൻ**
(സിൻഡിക്കേറ്റംഗം)

യൂണിവേഴ്സിറ്റി പരീക്ഷകർ കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ല എന്ന കാര്യം എം.ജി.യു. എക്സാമിനേഷൻ കമ്മറ്റി കൺവീനർ പ്രൊഫ. മോഹൻകുരിയൻ സമ്മതിച്ചു. സാമ്പത്തികമാണ് പ്രശ്നം. പരീ



*പ്രൊഫ. കെ. സദാശിവൻനായർ ഉദ്ഘാടനംചെയ്യുന്നു*

ക്ഷാഫീസിനത്തിൽ വിദ്യാർത്ഥികളിൽ നിന്നു ലഭിക്കുന്ന പണം ചെലവിന്റെ മുപ്പതു ശതമാനം മാത്രം നിറവേറ്റുന്നു. ഫീസ് വർദ്ധന ഇന്നത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടാണ്. യൂണിവേഴ്സിറ്റിയുടെ സാമൂഹിക പ്രതിബദ്ധതയ്ക്ക് കോട്ടമുണ്ടാകാതെ എങ്ങനെ അധിക വിഭവസമാഹരണം നടത്താമെന്നതിനെപ്പറ്റി ചർച്ചവേണം. ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിലും പ്രശ്നങ്ങൾ പലതുണ്ട്. ക്വസ്റ്റ്യൻ ബാങ്ക് ഈ പശ്ചാത്തലത്തിൽ വളരെ പ്രസക്തമായിരിക്കും.

### ഡോ. പി.ജെ ഫിലിപ്പ് (എ.കെ.പി.സി.ടി.എ അക്കാദമിക് കമ്മിറ്റി ചെയർമാൻ)

വിദ്യാഭ്യാസം വിശാലമായ ഒരു സാംസ്കാരിക പ്രവർത്തനമാണെന്ന ഉൾക്കാഴ്ചയോടുകൂടി വേണം പരീക്ഷാ പരിഷ്കരണത്തെ സമീപിക്കുക. ഭാവിയിൽ നമ്മുടെ നാട്ടിലും ജനജീവിതത്തിലും ഉണ്ടാകാനിടയുള്ള മാറ്റങ്ങളെക്കൂടി കണ്ടുകൊണ്ട് പരീക്ഷാക്രമങ്ങൾ പുനഃസംവിധാനം ചെയ്യേണ്ടതുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികനീതി തുടങ്ങിയ കാര്യങ്ങളിൽ കേരളം വമ്പിച്ച പുരോഗതി കൈവരിച്ച സംസ്ഥാനമാണ്. കേരള 'മോഡൽ' എന്നു പുകൾ പെറ്റ മാറ്റങ്ങൾ നിലനിറുത്തുകമാത്രമല്ല ഒരു പുതിയ കേരള മോഡൽ സൃഷ്ടിക്കാനുള്ള ശ്രമത്തിലേക്ക് യൂണിവേഴ്സിറ്റി എത്തണം.

### പ്രൊഫ. ജെ. ജോൺ

ഡിഗ്രിതല സിലബസ് രീതികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ സ്വാഗതം ചെയ്യുന്നു. പരീക്ഷാ സമ്പ്രദായം അപ്പാടെ മാറണം. ജോലി സംബന്ധമായി ഭാവിയിൽ കുട്ടികൾക്ക് നേരിടേണ്ടി വരുന്ന പരീക്ഷകൾക്ക് പ്രാപ്തിനല്കുന്നതരം ചോദ്യമാതൃകകൾ ഉണ്ടാവണം. ഇന്നു നടക്കുന്ന മത്സരപ്പരീക്ഷാ രീതി മാതൃകയാക്കാം. ചോദ്യോത്തര പേപ്പർ (Composite test Booklet) ഉപയോഗിച്ചുള്ള പരീക്ഷ മൂല്യനിർണ്ണയത്തിലെ കൃത്യതയ്ക്ക് സഹായകമായിരിക്കും.

### ജോണി തോമസ്

Internal Evaluation നടത്തുമ്പോൾ കുട്ടികളുടെ അക്കാദമിക്ക് തലത്തിലുള്ള പ്രവർത്തനങ്ങൾ മാത്രം പരിശോധിച്ചാൽ പോരാ. വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങളും സാമൂഹികസേവന പരിപാടികളും വിലയിരുത്തി മാർക്ക് നല്കണം. എൻ.സി.സി., എൻ.എസ്.എസ് പ്രവർത്തനങ്ങൾ ഇതിനായി പരിഗണിക്കാവുന്നതാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റി ഇക്കാര്യത്തിൽ മാതൃകാപരമായ ഒരു തീരുമാനം കൈക്കൊണ്ടിരിക്കുന്നതായി അറിയുന്നു. നാല്പതിൽ കുറയാതെ ദിവസം സാമൂഹിക സേവനം നടത്തുന്ന വിദ്യാർത്ഥിക്ക് മാത്രമേ ഡിഗ്രി സർട്ടിഫിക്കറ്റ് നല്കൂ. പൗലോഫ്രെയറിന്റെ Pedagogy of the oppressed എന്ന പുസ്തകം ഉദ്ധരിച്ച് വിദ്യാഭ്യാസ രംഗത്ത് അവസരസമത്വം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും ജോണി ചൂണ്ടിക്കാട്ടി.

### ഡോ.എം.കെ.മാത്യു

ഇവിടെ ഒരു പുതിയ മൂല്യബോധം ഉരുത്തിരിയണം, അല്ലാതെ വിശാലമായ ലക്ഷ്യങ്ങളെപ്പറ്റി വാതോരാതെ സംസാരിച്ചിട്ട് യാതൊരു കാര്യവുമില്ല. പഠനമാതൃകകൾ മാറണം. പ്രയോഗക്ഷമപഠനക്രമം നിലവിൽവരണം. വിദ്യാർത്ഥി അധ്യാപകനെ വിലയിരുത്തുന്ന രീതിയെ സ്വാഗതം ചെയ്യുന്നു. ഇത്തരം നിലവാര വിലയിരുത്തലുകൾക്കനുസരിച്ച് മാറ്റങ്ങൾക്കു വിധേയമാകാനുള്ള ഹൃദയവിശാലത അധ്യാപകരുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

### മാത്യു ജെ മുട്ടത്ത്

സെക്കൻഡ്ലാംഗ്വേജ് തലത്തിൽ ഇന്റേണൽ അസസ്മെന്റ് പല കോളേജുകളിലും ശരിയായ അർത്ഥത്തിൽ നടക്കുന്നില്ല. പുസ്തകക്കച്ചവടക്കാരുടെ താല്പര്യങ്ങളിൽ നിന്നും ചൂഷണത്തിൽനിന്നും വിദ്യാർത്ഥികളെ രക്ഷിക്കുവാനുള്ള ശ്രമം സിലബസ് പരിഷ്കരിച്ചപ്പോൾ മലയാളത്തിന്റെ കാര്യത്തിലുണ്ടായി. പത്തോ, പന്ത്രണ്ടോ രൂപവിലയുള്ള പുസ്തകം വാങ്ങണമെന്ന ബോധം വിദ്യാർത്ഥിക്കില്ലാതെ പോകുന്നു. സിലബസ് മാറി, പക്ഷേ, അധ്യാപനരീതിലുണ്ടാകേണ്ട മാറ്റത്തെപ്പറ്റി മിക്കവർക്കും ചിന്തയൊന്നുമില്ല. അതിന് പരിഹാരമുണ്ടാകണം. ഡിഗ്രിതല ഇന്റേണൽ അസസ്മെന്റ് നടപ്പാക്കിയ ഇൻഡ്യൻ യൂണിവേഴ്സിറ്റികളിലെ ഇന്നത്തെ സ്ഥിതി ശ്രദ്ധിക്കണം. എല്ലായിടത്തും പരാജയപ്പെട്ടു. ചലനാത്മകമായ ഒരു അക്കാദമിക് സമൂഹം സൃഷ്ടിക്കുക എന്ന ലക്ഷ്യമുള്ള എ.കെ.പി.സി.ടി.എ പരീക്ഷാപരിഷ്കരണ നയരേഖയിലെ എല്ലാ നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു.

### ഷിന്റോമോൻ ജോസഫ്

പുതിയ പരിഷ്കാരങ്ങൾ നല്ലതുതന്നെ. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ധാരണകളിൽ കാലോചിതമായ മാറ്റം ആവശ്യമാണ്. സിലബസ് നിശ്ചയിക്കുമ്പോൾ താഴ്ന്ന ക്ലാസ്സുകളിലും ഉയർന്ന ക്ലാസ്സുകളിലുമുള്ളത് ചേർത്ത്വച്ച് സന്തുലിതമായ ഒരു ക്രമം ഉണ്ടാക്കിയെടുക്കണം. ബികോമിന് പഠിച്ചതിനെക്കാൾ കുറഞ്ഞ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ചില എം കോം പേപ്പറുകൾ പരിശോധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും. ഉത്തരക്കടലാസ് വിദ്യാർത്ഥിക്ക് തിരിയെ ലഭിക്കാൻ സംവിധാനമുണ്ടാകണം.

കോളേജ് അക്കാദമിക് കമ്മിറ്റി ചെയർമാൻ പ്രൊഫ. തോമസ് ജോസഫ് ചർച്ചകൾ സമാഹരിച്ചുകൊണ്ട് മറുപടി പ്രസംഗം നടത്തി.

*തയ്യാറാക്കിയത്: മാത്യു.ജെ.മുട്ടത്ത്*

# KERALA SERVICE RULES AT A GLANCE - 7

Sreemandiram

## Leave without Allowance (L.W.A)

This leave which comes under 'Ordinary Leave' was not discussed along with EDL and HPL which also belong to the same category as every aspect of this leave is distinct. EDL and HPL are earned at a prescribed rate. But, LWA is not earned, but it is granted when applied for under certain conditions. The L.W.A granted under normal circumstances is discussed first and the LWA (i) for taking up private employment. (ii) for higher studies and (iii) for joining the spouse, granted as per separate provisions contained in Appendix XII A, XII B and XIIC of K.S.Rs respectively is discussed separately.

1. L.W.A. granted under normal rules conditions - 1. this leave can be granted (i) when no other leave is by rule admissible to the officer (R. 88 (a), Part I, K.S.Rs) and (ii) when leave of other kind is admissible as per rules but the officer requests in writing to grant L.W.A. (R. 88 (b)). 2. L.W.A. upto 5 years is admissible at a stretch to permanent hands and those non permanent hands who have completed 3 years of continuous Service (R. 86 A (ii)). 3. In the case of others, the maximum period upto which L.W.A. can be granted at a stretch is 3 months only (R. 88 (b) (ii)). But, this 3 month's limit is not applicable when (a) a period of suspension is retrospectively treated as L.W.A. by the revising or appellate authority (exception 1 to R. 88 (b) (ii)). (b) when L.W.A is granted under appendix XII A, XII B and XII C of K.S.Rs (R. 88 (b) (ii) (exception - 2)). (c) when L.W.A. is granted on the strength of a medical certificate to non permanent employees having continuous service for more than a year for treatment against leprosy, tuberculosis, cancer or mental disease (note 2, R. 90 A). This relaxation is applicable only once. (d) An Officer with a continuous officiating or temporary service of 2 years or more can be granted L.W.A for more than 3 months for obtaining superior qualification for the remaining period after granting eligible leave to their credit (R. 91. Note 2, Ruling No 1 and 2). L.W.A for this purpose will not be granted for broken periods, but it will be granted to cover the entire period of the course. The minimum requirement of the 2 years continuous officiating or temporary service is not necessary for S.C, S.T officers (R. 91).

## L.W.A. and increment

L.W.A. granted on the strength of medical certificate is qualifying for increment. Under normal rules L.W.A granted without medical certificate is non qualifying for increment. But, the L.W.A. granted for the following purposes is qualifying for increment (i) L.W.A combined with other eligible leave granted to cover the period for undergoing the P.G. courses useful to the state in the sphere of duties of the officers like Teachers, Engineers and Doctors subject to the following conditions (a) The period qualifying for increment shall be restricted to the normal period required for completion of the course. The diploma or degree must be produced as and when the course is completed (R. 33 (b), (2)). (ii) L.W.A granted to teachers for completing training courses such as B.Ed, Hindi Teachers' Training, Language Teachers' Training or T.T.C. (Proviso to R. 33 (b) (2)). (iii) L.W.A. upto 60 days taken without medical certificate in continuation of maternity leave (proviso to Rule R 33 (b) (2) and proviso to R. 102)

## Leave Salary - Nil

But, the employees who are granted L.W.A. for treatment against Leprosy, Cancer, Tuberculosis or mental disease will be granted ex-gratia allowance for the period of L.W.A, if the following conditions are satisfied.

(i) The monthly pay of the employee need not exceed Rs. 2500. The ex-gratia allowance admissible is 35% of the pay subject to a minimum of Rs. 580 p.m. (R. 90A-The monetary limits were prescribed on the basis of pay in the pay scales introduced with effect from 1-3-92. But, as the pay scales, have been replaced with effect from 1.3.97 these monetary limits will also be replaced. Orders to this effect is awaited) (ii) Ex-gratia allowance is granted to L.W.A period when it is granted when no other leave on leave salary is admissible (R. 90A (b)) (iii) Medical Certificate from a Medical Officer not below the rank of a Civil Surgeon is a must for granting this leave (R. 90A (d)) (iv) There should be a place for the officer to continue during the period of L.W.A (R. 90 (1)) (v) for non permanent employees of more than one year continuous service but below 3 years service, will be eligible for ex-gratia allowance upto 18 months and permanent hands and nonpermanent hands of 3 years or more continuous service will be eligible for this allowance upto 36 months or for the period recommended by the medical officer, whichever period is shorter, during the entire period of service (R. 90 A (e)) (vi) The allowance is admissible for treatment as impatient or as an outpatient (R 90. A (c)) (vii) Onam Advance or transfer advance need not be recovered from ex-gratia allowance (Govt. Decision under R. 90.A)

## II. L.W.A granted for specific purposes

L.W.A that is admissible for three specific purposes and the condition under which it is admissible have been included in the K.S.Rs as Appendix XII A, XII B and XII C. For taking up private employment abroad or within India, L.W.A as per App XII A is granted. L.W.A. as per App. XII. C. is granted to join spouse on leave under App. XII. A, and L.W.A under XII B. is granted for higher studies when the

officer is not eligible for the L.W.A under the normal rules. The condition for the granting of L.W.A for these 3 different purposes are almost the same; with slight differences. So, the conditions common to all these 3 are enumerated under the heading A, conditions common to LWA under App. XII A and XII C are brought under the heading B and the conditions applicable to each of them alone are explained under the heading C for convenience sake.

A. 1. They will lose all the service benefits for the period of leave. This leave period will be non qualifying for earning leave and increment. This period will not be counted as qualifying for weightage or pensionary benefits.

2. In the case of those who have not completed their probation in the entry grade, the service benefits which had accrued prior to their proceeding on leave will be forfeited and they will be deemed as new entrants to govt. service when they rejoin duty after leave. They have to start probation afresh from the date of rejoining duty and have to complete the period of probation as per rules.

3. In the case of those who have completed probation before commencement of the leave will lose their chance for promotion in their turn according to seniority during the period of leave and the juniors who are promoted instead can retain their rank and seniority in the promoted post corresponding to the date of joining duty in the promoted post. Those who were on this leave and lost the turn of promotion, will be promoted against the vacancies available after rejoining duty and they will be assigned rank and seniority in the promotion post corresponding to the date of joining duty, below the rank assigned to those including the juniors already promoted to that cadre before they rejoined duty. 4. Officers against whom disciplinary action or vigilance enquiry is pending will not be eligible for leave under this rule. 5. If there is any bonded obligation to serve the govt for a prescribed period and that period is not over, leave will not be granted to such officers till the bonded obligation is over. 6. The amount remitted as their account will not be refunded. 7. This leave will not be allowed to be combined with vacation or any other leave. 8. Those who do not rejoin duty on the expiry of leave, will be removed from service as per rules. This condition will be included in the order sanctioning the leave. 9. This leave may be availed of only after getting it sanctioned. Those availing this leave without prior sanction will be proceeded against for unauthorised absence. 10 This leave will not be converted into any other leave. B. Conditions common to L.W.A. granted as per appXII.A (taking up private employment) and XII C (Joining the spouse)

1. Permanent officers and non permanent officers who have completed probation in the entry care in the regular Service of government will be granted L.W.A. under these rules. 2. This leaves upto a maximum of 20 years can be granted during the entire period of service. 5 years leave will be granted at a stretch. It can be extended on application. Those on this leave should rejoin duty at least one year prior to the date of completing the retirement age, failing which their services, will be terminated. In future granting of leave of this kind will be restricted upto the date one year prior to the date of retirement (G.O. (p) 1810/98 dated 24-7-98 of the Finance (Rules) Department)

## C. Conditions distinct-applicable to each of the appendices

(i) XII A (1) The rules in this appendix take effect from 16-12-83 (2) Family of those officers who die while on this leave will not be eligible for family pension (G.O. (P) 2351/98 dated 5-10-98 of the Finance (Pension - B) Departments (3) This leave will not be granted for taking up employment in any institution owned or controlled by the state govt. or govt. of India. (4) Govt. will be very selective in granting this leave to employees belonging to professional categories like highly qualified doctors, engineers and scientists and scarce categories like Veterinary surgeons live stock assistants and the like (5) Guide lines for granting this leave to the private college staff under the direct payment scheme were issued in G.O. (MS) 137/85 dated 14.6.85 of the Higher Education (D) Department originally, the maximum period of leave admissible to this purpose was fixed at 10 years. When govt. enhanced the limit to 15 years and then to 20 years, it was made applicable to private college staff under direct payment scheme as per G.O. (MS) 19/95 dated 31-1-95 and GO (MS) 26/97 dated 15-2-97 respectively of the Higher Education (D) Department.

### XII. B. (granted for higher studies)

1. Takes effect from 18-9-1984. 2. This leave will be granted for the entire period required for completing the course. Leave for a part of the total period required for the course or for broken periods will not be granted. 3. Maximum period for which this leave can be granted is 5 years during the entire period of service.

### XII C (Leave for joining spouse)

(1) This appendix has effect from 12-4-84. (2) For a period upto 3 months, other eligible leave (i. Earned leave or ii. Half pay leave, Commuted leave or leave not due) can be granted for periods beyond 3 months, whether in continuation of some other leave or not, this leave alone will be granted (3) Employment need not be accepted during the period of this leave; without the prior permission of Govt. (4) Leave under App XII A. can be combined with this leave. But the total period of leave under XII A and XII C need not exceed 20 years during the entire period of service. (5) The guide lines for sanctioning this leave to private college staff under direct payment scheme were issued in G.O. (MS) 24/87 dated 27-1-87 of the Higher Education (D) Department. As per this G.O. the maximum period of leave of this kind admissible was fixed at 10 years. When the period was enhanced by govt. to 15 years and then to 20 years, it was also made applicable to private college staff as per G.O. (MS) 19/95 dated 31-1-95 and G.O (MS) 155/98 dated 10-12-98 respectively of the Higher Education (D) Department.

*(will be continued)*

# Pay Revision 1998

The scales of Pay of Government employees staff of Educational Institutions, Local Bodies etc have been revised with retrospective effect from 1-3-97 by the Kerala govt. as per order no (P) 3000/98/Fin dated 25-11-98 of the Finance (Pay revision-Implementation) Department. The pre revised scale of pay existent from 1-3-92 to 28-2-97 and the corresponding revised scale of pay from 1-3-97 are furnished below.

**ANNEXURE I**

**SCHEDULE OF EXISTING AND REVISED SCALES OF PAY**

| | EXISTING SCALES | REVISED SCALES |
|---|---|---|
| S1 | 775-12-955-14-1025-20-1065 | 2610-60-3150-65-3540-70-3680 |
| S2 | 800-15-1010-20-1150-25-1300 | 2650-65-3300-70-4000-75-4150 |
| S3 | 825-15-900-20-1200-25-1450 | 2750-70-3800-75-4625 |
| S4 | 950-20-1150-25-1650 | 3050-75-3950-80-5230 |
| S5 | 1050-25-1150-30-1660 | 3350-80-3830-85-5275 |
| S6 | 1125-25-1150-30-1720 | 3590-85-4100-100-5400 |
| S7 | 1200-30-1560-40-2040 | 4000-90-4090-100-6090 |
| S8 | 1350-30-1440-40-1800-50-2200 | 4500-100-5000-125-7000 |
| S9 | 1400-40-1800-50-2300 | 4600-100-5000-125-7125 |
| S10 | 1400-40-1600-50-2300-60-2600 | 4600-100-5000-125-5750-150-8000 |
| S11 | 1520-40-1600-50-2300-60-2660 | 5000-125-5750-150-8150 |
| S12 | 1600-50-2300-60-2660 | 5250-125-5750-150-8150 |
| S13 | 1640-60-2600-75-2900 | 5500-150-6100-175-9075 |
| S14 | 1760-60-2600-75-3050 | 5800-150-6100-175-9425 |
| S15 | 2000-60-2300-75-3200 | 6500-175-7550-200-10550 |
| S16 | 2060-60-2300-75-3200 | 6675-175-7550-200-10550 |
| S17 | 2200-75-2800-100-3500 | 7200-200-7800-225-11400 |
| S18 | 2375-75-2900-100-3500 | 7450-200-7650-225-11475 |
| S19 | 2500-75-2800-100-4000 | 7800-225-8475-250-12975 |
| S20 | 2650-75-2800-100-4200 | 8250-250-9250-275-13650 |
| S21 | 3000-100-3500-125-5000 | 10000-300-10600-325-15150 |
| S22 | 3700-125-4700-150-5000 | 12000-350-12700-375-15325 |
| S23 | 3900-125-4775-150-5075 | 12600-375-15600 |
| S24 | 4200-125-4700-150-5300 | 14000-400-18000 |
| S25 | 4500-150-5700 | 14300-400-18300 |
| S26 | 5100-150-5700 | 16300-400-18300 |
| S27 | 5100-150-6300 | 16300-450-19900 |

Some other benefits granted in the pay revision order are summarised here.
